HGH INDIA® 2021
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
Inspiring Business for 10 years
November 30 - December 3, 2021,
INDIA EXPO CENTRE, GREATER NOIDA, DELHI NCR
NEWS 3
A TEXZONE Event
www.hghindia.com
Where business feels at home!

# സ്പ്രിംഗ്/സമ്മർ 2022
# പുതിയ ബിസിനസ്സ് സീസൺ സമാഗതമായി

പത്താം തവണയും പുതുമകളും പുതിയ സ്രോതസ്സുകളും പര്യവേക്ഷണം ചെയ്യുവാനായി ഗാർഹിക ഉൽപന്ന വ്യാപാരം തയ്യാറായിരിക്കെ, പ്രത്യേകിച്ച് രണ്ട് വർഷത്തെ പകർച്ചവ്യാധിയുടെ ആഘാതം നേരിട്ട ശേഷം, എച്ച്ജിഎച്ച് ഇന്ത്യ 2021–ലേക്ക് പുതുതായി പ്രവേശിക്കുന്ന പലരും മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഗാർഹിക ഉൽപ്പന്നങ്ങളുടെ വൈവിധ്യമാർന്ന ശ്രേണി വാഗ്ദാനം ചെയ്യും.

സുസ്ഥിരമായ പല മുൻനിര ബ്രാൻഡുകളും എച്ച്ജിഎച്ച് ഇന്ത്യയിലെ പതിവ് പ്രദർശകരും അവരുടെ നിലവിലുള്ള ബിസിനസിനെ പരിപൂരകമാക്കുന്ന പുതിയ ഉൽപ്പന്ന ലൈനുകൾ വൈവിധ്യവൽക്കരിക്കുകയും കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. വരാനിരിക്കുന്ന സ്പ്രിംഗ്/സമ്മർ സീസണിൽ റീട്ടെയിലർമാർ, വിതരണക്കാർ, ഇന്റീരിയർ ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ, ഇൻസ്റ്റിറ്റ്യൂഷൺ ബയേഴ്സ് എന്നിവർക്ക് അവയെല്ലാം അതുല്യവും ഉയർന്ന സാധ്യതയുള്ളതുമായ ബിസിനസ്സ് അവസരങ്ങളും നൂതനമായ സോഴ്സിംഗ് ഓപ്ഷനുകളും വാഗ്ദാനം ചെയ്യും.

എച്ച്ജിഎച്ച് ഇന്ത്യ 2021 **ഗ്രേറ്റർ നോയിഡ, ഡൽഹി എൻസിആ**റിൽ അതിന്റെ ഷെഡ്യൂൾ ചെയ്ത തീയതിയായ **നവംബർ 30– ഡിസംബർ 3, 2021** നോട് അടുക്കുമ്പോൾ ഇന്ത്യ എക്സ്പോ സെന്ററിൽ ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ, ചെറിയ ഫർണിച്ചർ, വീട്ടുപകരണങ്ങൾ, ഗിഫ്റ്റ് സെഗ്മെന്റുകളിൽ കൂടുതൽ കൂടുതൽ പ്രാതിനിധ്യങ്ങൾ ഈ അവസരത്തോട് ഗുണപരമായി പ്രതികരിക്കുന്നു. 112 കോടി ഡോസുകൾ നൽകി ഗവൺമെന്റിന്റെ വാക്സിനേഷൻ യജ്ഞം രാജ്യത്ത് അഭൂതപൂർവമായ വിജയം കൈവരിച്ചതോടെ, കോവിഡ് മൂന്നാം തരംഗ ഭീതി ഇപ്പോൾ ഏറെക്കുറെ ശമിച്ചിരിക്കുകയാണ്, ദീപാവലിക്ക് ശേഷം കോവിഡ് കേസുകൾ നിയന്ത്രണവിധേയമായിരിക്കുകയാണ്, യാത്രാ നിയന്ത്രണങ്ങൾ ഗണ്യമായി നീക്കി, വ്യാപാര വ്യവസായ മേഖലകൾ യാത്രാ ഭയം മറികടന്നിരിക്കുന്നു. കൃത്യമായ മുൻകരുതലുകളോടെ, വാങ്ങുന്നവരും വിൽക്കുന്നവരും ബിസിനസിലേക്ക് തിരിച്ചുവരാനും ഇന്ത്യയിലുടനീളമുള്ള ഉപഭോക്തൃ ആവശ്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ഉത്സുകരായിരിക്കുകയാണ്.

ദീപാവലിക്ക് ശേഷവും തുടരുന്ന, വളരെ വിജയകരമായ ഒരു ദീപാവലി സീസൺ വിൽപ്പനയ്ക്ക് ശേഷം രാജ്യത്ത് ബിസിനസ്സ് ചെയ്യാനുള്ള മാനസിക സ്ഥിതി കൂടുതൽ ദൃഢമായിരിക്കുകയാണ്.

എല്ലാ എക്സിബിറ്റർമാർക്കും സന്ദർശകർക്കും അവരുടെ ജീവനക്കാർക്കും സുരക്ഷ, ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പാക്കാൻ എല്ലാ മുൻകരുതലുകളും എടുക്കും. അതിനായി എച്ച്ജിഎച്ച് ഇന്ത്യ വിപുലമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. കൂടാതെ, സാമൂഹിക അകലം പാലിക്കുന്നതിനും എസ്ഒപികൾക്കുമായി സർക്കാർ പുറപ്പെടുവിച്ച എല്ലാ നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കപ്പെടും.

ഇനി, നിങ്ങളുടെ സന്ദർശനം ആസൂത്രണം ചെയ്യാൻ നിങ്ങളെ സഹായിക്കുന്നതിനായി ഞങ്ങൾ ഇപ്പോൾ വിവിധ സെഗ്മെന്റ് തിരിച്ചുള്ള വിശദമായ പ്രിവ്യൂവും എച്ച്ജിഎച്ച് ഇന്ത്യ 2021–ൽ പ്രദർശിപ്പിക്കുന്ന പ്രധാന എക്സിബിറ്ററുകളെക്കുറിച്ചുള്ള വിശദാംശങ്ങളും ഇവിടെ വ്യക്തമാക്കാം.


Indo Count

## ഇപ്പോഴും വളരുന്നഹോം ടെക്സ്റ്റൈൽസ്

ഇന്ത്യൻ ഹോം പ്രൊഡക്റ്റ് മാർക്കറ്റിലെ ഏറ്റവും വലുതും മികച്ചതുമായ വിഭാഗമാണ് ഹോം ടെക്സ്റ്റൈൽസ്, മുഴുവൻ ഹോം ഉൽപ്പന്ന വിൽപ്പനയിലെ ഏകദേശം 50% വിഹിതവും ഈ വിഭാഗം കയ്യാളുന്നു. എന്നിരുന്നാലും, നഗര–ഗ്രാമ വിപണികളിൽ ഇപ്പോഴും വലിയ വളർച്ചാ സാധ്യതയാണ് ഈ വിഭാഗത്തിനുള്ളത്. വരാനിരിക്കുന്ന 100 സ്മാർട്ട് സിറ്റികളിലും ടയർ 2, ടയർ 3 നഗരങ്ങളിലും ഉപഭോക്തൃ - റീട്ടെയിൽ അടിത്തറ വർധിക്കുന്നത് ഒരു മികച്ച അവസരമായി കാണാവുന്നതാണ്. എച്ച്ജിഎച്ച് ഇന്ത്യ 2021–ലെ ഹോം ടെക്സ്റ്റൈൽ വിഭാഗം ബെഡ്, ബാത്ത് ടെക്സ്റ്റൈൽസ്, ഫർണിഷിംഗ് ഫാബ്രിക്കുകൾ, അലങ്കാര മെയ്ഡ് അപ്പുകൾ, വിൻഡോ ഡ്രസ്സിംഗ്, സൺ പ്രൊട്ടക്ഷൻ, മെത്തകൾ - സ്ലീപ്പ് ഉൽപ്പന്നങ്ങൾ, മേശ, അടുക്കള ലിനൻ, പരവതാനികൾ, ഫ്ലോർ കവറുകൾ തുടങ്ങിയവയുടെ മുഴുവൻ ശ്രേണിയും ഉൾക്കൊള്ളുന്നു. ഈ വിഭാഗത്തിൽ വ്യാപാരത്തിനും ഉപഭോക്താക്കൾക്കും സുപരിചിതമായ ഏതാനും ബ്രാൻഡുകൾ മാത്രമേ ഉള്ളൂ. എച്ച്ജിഎച്ച് ഇന്ത്യ 2021–ൽ, ഇന്ത്യൻ വിപണിയിൽ തങ്ങളുടെ കമ്പനികൾക്ക് കൂടുതൽ പ്രസക്തി നൽകുന്നതിനായി ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കോർ വിഭാഗങ്ങളിലുടനീളം തങ്ങളുടെ ബ്രാൻഡ് സാന്നിധ്യം അവതരിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും സ്ഥിരമായുള്ളതും പുതിയവരുമായ നിരവധി എക്സിബിറ്റർമാർ അവരുടെ പുതിയ ഉൽപ്പന്ന ശ്രേണി പ്രദർശിപ്പിക്കുന്നതാണ്.

എച്ച്ജിഎച്ച് ഇന്ത്യ 2021–ന്റെ ഹോം ടെക്സ്റ്റൈൽ വിഭാഗം സന്ദർശകർക്ക് ഏഷ്യൻ പെയിന്റ്സ്, കുർൾ–ഓൺ, സ്ലീപ്‌വെൽ, കിംഗ് കോയിൽ, പെപ്സ്, ശാരദ ടെറി, പാൻ ഓവർസീസ് തുടങ്ങിയ പ്രമുഖ പേരുകളിൽ നിന്ന് വളരെ പുതിയ ചില ബിസിനസ് ആശയങ്ങളും അവസരങ്ങളും പ്രതീക്ഷിക്കാവുന്നതാണ്.

റെഗുലർ എക്സിബിറ്റർമാരും അവരുടെ കാറ്റഗറി നേതാക്കളായ മാസ്പർ, ബോട്ടിക് ലിവിംഗ് ആൻഡ് ലെയേഴ്സ് (ഇന്തോ കൗണ്ട്), ഡിസിറ്റെക്സ്, സരോം, ജെ ആൻഡ് വൈ ഫാബ്രിക്സ് (ഇന്ത്യൻ ഡ്രേപ്പ്), ന്യൂ കാസിൽ (ദേവാ ടെക്സ്റ്റൈൽസ്) എന്നിവ വരുന്ന വസന്തകാലത്തിനായി ഡിസൈനുകളും ശേഖരങ്ങളും കൊണ്ടുവരും.

എച്ച്ജിഎച്ച് ഇന്ത്യ 2012–ൽ സ്ഥാപിതമായതുമുതൽ സ്ഥിരം പ്രദർശകരിലൊരാളും പ്രശസ്ത ഹോം ടെക്സ്റ്റൈൽസ് ബ്രാൻഡുമായ മാസ്പർ, തങ്ങളുടെ ഉൽപ്പന്നങ്ങൾ വിൽക്കാൻ മാത്രമല്ല, അവരുടെ പാൻ ഇന്ത്യൻ സെയിൽസ് ചാനൽ നെറ്റ്‌വർക്ക് വിപുലീകരിക്കാനും ബ്രാൻഡ് അംഗീകാരം ഉറപ്പിക്കാനും എച്ച്ജിഎച്ച് ഇന്ത്യ സഹായിക്കുന്നതായി പ്രസ്താവിക്കുകയുണ്ടായി. അലങ്കാര മെയ്ഡ് അപ്പുകൾ മുതൽ ബെഡ് വരെയും ബാത്ത് ടെക്സ്റ്റൈൽ മുതൽ ബാത്ത് മാറ്റുകൾ, പുതപ്പുകൾ, അടുക്കള, മേശ ലിനൻ, ഗിഫ്റ്റ് സെറ്റുകൾ, പരവതാനികൾ, ഏരിയ റഗ്ഗുകൾ, സ്വകാര്യ, ബിസിനസ്സ് ഗിഫ്റ്റ് സെറ്റുകൾ എന്നിവയും അതിലേറെയും മാസ്പർ ഹോം ടെക്സ്റ്റൈൽസ് നിർമ്മിച്ച് വിതരണം ചെയ്യുന്നുണ്ട്. മാസ്പറിന്റെ കരുത്ത് അവരുടെ ഉൽപ്പന്നങ്ങൾക്കുള്ള കളർ സ്റ്റോറികളാണ്, ഇത് അലങ്കാര മെയ്ഡ് അപ്പുകൾ, ബെഡ് ത്രോസ്, ഫ്ലോർ മാറ്റുകൾ മുതലായവയുടെ മൊത്തത്തിലുള്ള ഇന്റീരിയർ ഡെക്കറേഷൻ ഭംഗി ശക്തിപ്പെടുത്തുന്നു. വർണ്ണ കഥകളും ഉൽപ്പന്നങ്ങളിലുടനീളം ഉയർന്ന് നിൽക്കുന്ന ഗുണനിലവാരവും വളരെ ഫലപ്രദമായി ക്രോസ് വിൽപ്പനയെ പ്രോത്സാഹിപ്പിക്കുന്നു.

## ഫർണിഷിംഗ് തുണിത്തരങ്ങൾ

വീട് അലങ്കാരത്തിന് ആളുകൾ നൽകുന്ന വർദ്ധിച്ച പരിഗണന കാരണം, വീടുകളിലേക്ക് ആവശ്യമായ അലങ്കാര ഫർണിച്ചറുകൾ, അപ്ഹോൾസ്റ്ററി തുണിത്തരങ്ങൾ, കർട്ടനുകൾ എന്നിവയുടെ ആവശ്യകത മത്സരാധിഷ്ഠിതമായ രീതിയിൽ വിപണിയിൽ ഉയരുകയാണ്. **ഡിസി ടെക്സ് ഫർണിഷിംഗ്സ്, ജെ ആൻഡ് വൈ (ഇന്ത്യൻ ഡ്രേപ്പ്), സരോം,** ന്യൂ കാസിൽ,


Aartex

മൈക്രോ ഫൈബേഴ്സ്സ്, ലക്സർ തുടങ്ങിയ അറിയപ്പെടുന്ന ഫർണിഷിംഗ് ബ്രാൻഡുകളിൽ നിന്നുള്ള നിരന്തരമായ നൂതനാശയങ്ങളുടെ ആവേശത്തിന് എച്ച്ജിഎച്ച് ഇന്ത്യ 2021 സാക്ഷ്യം വഹിക്കും.

ബിസിനസ്സ് ഇപ്പോഴും ശിഥിലമായിരിക്കുന്ന ഒരു വിഭാഗത്തിൽ, ബ്രാൻഡ് നിർമ്മാണത്തിനും ഏകീകരണത്തിനും ധാരാളം ഇടമുണ്ട്. അതിനാൽ, ഏഷ്യൻ പെയിന്റ്സ് പോലുള്ള നിരവധി പുതുമുഖങ്ങളും മുംബൈ, ഡൽഹി, പാനിപ്പത്ത്, സൂറത്ത്, അഹമ്മദാബാദ്, ജയ്പൂർ, ബെംഗളൂരു എന്നിവിടങ്ങളിൽ നിന്നുള്ള ചെറുകിട ഇടത്തരം കമ്പനികളും പേരുകേട്ട ഇറക്കുമതിക്കാരും ഈ വിഭാഗത്തിന് ആവേശവും പുതിയ ആശയങ്ങളും കൊണ്ടുവരും. രാജ്യത്തുടനീളമുള്ള ഹോം ടെക്സ്റ്റൈൽസ്, ഹോം ഡെക്കർ, ഫർണിഷിംഗ് റീട്ടെയിലർമാർ തുടങ്ങി ആയിരക്കണക്കിന് പേർ മുൻകൂട്ടി രജിസ്റ്റർ ചെയ്തതിൽ അതിശയിക്കാനില്ല, കൂടാതെ

ഇന്നോവേഷൻ ▪ ട്രെന്റ്സ് ▪ ഉൽപന്നങ്ങൾ ▪ സ്രോതസ്സുകൾ ▪ അവസരങ്ങൾ

നിലവിലുള്ളതും പുതിയതുമായ വിതരണക്കാരിലൂടെ പുതിയ ഉൽപ്പന്നങ്ങളും പുതിയ ബിസിനസ്സ് ആശയങ്ങളും പര്യവേക്ഷണം ചെയ്യാൻ കാത്തിരിക്കുകയാണ്.

ഏറ്റവും പ്രശസ്തമായ ബ്രാൻഡുകളിലൊന്നായ **ഡിസിടെക്സ്,** ഫർണിഷിംഗ് ഫാബ്രിക്സ്, ഹോം ടെക്സ്റ്റൈൽസ് എന്നിവയുടെ നിർമ്മാതാക്കളാണ്. വെൽവെറ്റ്സ് ', ചെനിൽ, ഡമാസ്ക്സ് എംബ്രോയ്ഡറി, ഷീർ കർട്ടനുകൾ, മേഡ്–അപ്പുകൾ എന്നിവയും അതിലേറെയും ഉൾപ്പെടെ ഉയർന്ന നിലവാരമുള്ളതും ആഡംബരപരവുമായ ഫർണിഷിംഗുകളുടെ സമഗ്രമായ ശ്രേണി അവതരിപ്പിക്കും. ഈ ഉൽപ്പന്ന ഗ്രൂപ്പുകളിലെ വൈവിധ്യമാർന്ന ശേഖരങ്ങൾ ബയേഴ്സിനു വളരെ വ്യത്യസ്തമായ ടാർഗെറ്റ് ഉപഭോക്താക്കളിലേക്കും ഇന്റീരിയർ ഡിസൈൻ ശൈലികളിലേക്കും അവരുടെ മികച്ച ശേഖരം എത്തിക്കാൻ സഹായിക്കുന്നു.

ജെ വൈ ഫാബ്രിക്സ് എന്ന ബ്രാൻഡ് ഉള്ള ഇന്ത്യൻ ഡ്രേപ്പ്, ട്രാൻസ്ഫർ പ്രിന്റഡ് തുണിത്തരങ്ങൾ, വെൽവെറ്റുകൾ, ഫ്ലാറ്റ്, ടെക്സ്ചർഡ് തുണിത്തരങ്ങൾ എന്നീ ഇനങ്ങളിൽ വിപണിയിൽ ലീഡറാണ്. കട്ട് ലെങ്ത് സേവനത്തോടുകൂടിയ അപ്ഹോൾസ്റ്ററി തുണിത്തരങ്ങളിലും കർട്ടനുകളിലും അവർ ഏറെ വൈവിധ്യം കാത്തു സൂക്ഷിക്കുന്നു. അങ്ങനെ അവരുടെ ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുന്നതിനുള്ള അവരുടെ അഭിനിവേശം കാണിക്കുന്നു. എച്ച്ജിഎച്ച് ഇന്ത്യ 2021, ഉത്തരേന്ത്യൻ വിപണിയിലെ പുതിയ ബിസിനസ്സ് അവസരങ്ങളും, ദീപാവലിക്ക് ശേഷമുള്ള പുതിയ വാങ്ങൽ സീസണും പരമാവധി ഉപയോഗപ്പെടുത്താൻ അവരെ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മാനേജിംഗ് ഡയറക്ടർ ജയേഷ് ദവെ പറഞ്ഞു.

ആഭ്യന്തര, അന്തർദേശീയ ശ്രേണികൾ സംയോജിപ്പിച്ച് മെറ്റീരിയലുകളിലും ഡിസൈനുകളിലും അതുല്യതയ്ക്ക് പേരുകേട്ട ഫർണിഷിംഗ് ബ്രാൻഡായ **സരോം,** ഡ്രാപ്പറി, അപ്ഹോൾസ്റ്ററി, ലെതറെറ്റ്, അലങ്കാര തുണിത്തരങ്ങൾ എന്നിവയിൽ പുത്തൻ ആശയങ്ങൾ കൊണ്ടുവരും.

**ഭിക്ഷു ഫാബ്രിക്സ്** ബ്ലാക്ക്ഔട്ട്, പോളിസ്റ്റർ വെൽവെറ്റുകൾ, ഷീറുകൾ, പോളി ക്യാൻവാസ് എന്നിങ്ങനെ വിവിധ ഗുണങ്ങളിലുള്ള റെഡിമെയ്ഡ് കർട്ടനുകൾ വരാനിരിക്കുന്ന ഉൽപ്പന്ന വിഭാഗമായി അവതരിപ്പിക്കും. കർട്ടനുകൾ, സോഫകൾ, കുഷ്യൻ കവറുകൾ, ബെഡ്കവറുകൾ, ആഭ്യന്തര വിപണിയിലെ മറ്റ് തുണിത്തരങ്ങൾ എന്നിവയ്ക്കുള്ള മികച്ച ഫർണിഷിംഗ് തുണിത്തരങ്ങൾ എന്നിവയാണ് ഭിക്ഷു അവരുടെ പ്രധാന ബിസിനസ്സായി കാണിക്കുന്നത്.

ഇതു കൂടാതെ, എച്ച്ജിഎച്ച് ഇന്ത്യയിലെ സന്ദർശകർക്ക് **ആർടെക്സ്,ആശാദീപ്, ഫാബ്രിക് കിംഗ്സ്, ഇൻഡിഗോ ഇൻഡസ്ട്രീസ്, ലക്ഷോർ ഇംപെക്സ്, സുജാത** തുടങ്ങി നിരവധി ബ്രാൻഡുകളിൽ നിന്നുള്ള നിരവധി പുതിയ ഡിസൈനുകളും ഉൽപ്പന്ന ആശയങ്ങളും കാണാനാകും.

## ബെഡ് - ബാത്ത് ടെക്സ്റ്റൈൽസ്

ഈ സെഗ്മെന്റ് ഇന്ത്യൻ ഹോം ടെക്സ്റ്റൈൽസ് വിപണിയിലെ ഏറ്റവും വലുതും പഴക്കമുള്ളതുമാണെങ്കിലും, ഇന്ത്യയിലെ കുടുംബങ്ങളുടെ എണ്ണം വർഷം തോറും വർദ്ധിക്കുന്നതിനനുസരിച്ച് ഈ വിഭാഗത്തിലെ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബെഡ്, ബാത്ത് തുണിത്തരങ്ങൾ ശുചിത്വവും ചർമ്മത്തിന് സന്തോഷം പകരുന്നതും മാത്രമല്ല, കിടപ്പുമുറികളും കുളിമുറിയും അലങ്കരിക്കുകയും വേണം. എച്ച്ജിഎച്ച് ഇന്ത്യ 2021 ഈ സെഗ്മെന്റിൽ സുസ്ഥാപിതമായവരിൽ നിന്നും പുതിയതായി പ്രവേശിക്കുന്നവരിൽ നിന്നും വളരെ രസകരമായ ഒരു ശ്രേണി തന്നെ പ്രദര്യശനത്തിന് എത്തിക്കുന്നതാണ്.


Indo Count

ഇന്ത്യയിൽ നിന്നുള്ള ഏറ്റവും വലിയ ബെഡ് ഷീറ്റുകളും ബെഡ്ഡിംഗുകളും കയറ്റുമതി ചെയ്യുന്നവരിൽ ഒരാളാണ് **ഇൻഡോ കൗണ്ട്,** കൂടാതെ ഇന്ത്യൻ ആഭ്യന്തര വിപണിയിലെ മുൻനിര ബെഡ്ഡിംഗ് സൊല്യൂഷൻ ദാതാവുമാണ്. എച്ച്ജിഎച്ച് ഇന്ത്യ 2021–ൽ, അവരുടെ ബ്രാൻഡുകളായ ബോട്ടിക് ലിവിംഗ് ആൻഡ് ലെയേഴ്സ് മികച്ച ഉറക്ക അനുഭവങ്ങൾ സൃഷ്ടിക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കും. അവരുടെ ഫാഷൻ ബെഡ്ഡിംഗ് ശേഖരങ്ങളിൽ മാച്ചിംഗ്, കോംപ്ലിമെന്ററി ഷീറ്റുകൾ, കംഫർട്ടറുകൾ, ഡുവെറ്റ് കവറുകൾ, ക്വിൽറ്റുകൾ, തലയിണകൾ, ഷാംസ്, സ്കർട്ടുകൾ എന്നിവ ഉൾപ്പെടുന്നു. മാട്രസ് പാഡുകൾ, ഡൗൺ ആൾട്ട് കംഫർട്ടർ, നിറച്ച തലയിണകൾ, പ്രൊട്ടക്ടേഴ്സ് എന്നിവ യൂട്ടിലിറ്റി ബെഡ്ഡിംഗ് വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇൻഡോ കൗണ്ട് വെർട്ടിക്കലി ഇന്റഗ്രേറ്റ് ചെയ്ത് ഉൽപ്പാദനത്തിന്റെയും സേവനത്തിന്റെയും ഓരോ ഘട്ടവും നിയന്ത്രിക്കുന്നു. ഇവരുടെ ഉൽപന്നങ്ങൾ ചില്ലറ വിൽപ്പനയ്ക്ക് മാത്രമല്ല, ഹോട്ടലുകൾ പോലുള്ള സ്ഥാപന ഉപഭോക്താക്കൾക്കും വേണ്ടിയുള്ളതാണ്.

ടെക്സ്റ്റൈൽ ഡീസാൻ ഗ്രൂപ്പിൽ പെട്ട **കൃഷ്ണ കോട്ടക്സ്** ഇന്ത്യയിലും അന്തർദേശീയ തലത്തിലും ഉയർന്ന നിലവാരമുള്ള ടെറി ടവലുകൾ വാഗ്ദാനം ചെയ്യുന്ന ബോൺഹൂർ എന്ന ബ്രാൻഡ് പുറത്തിറക്കിയിട്ടുണ്ട്. എച്ച്ജിഎച്ച് ഇന്ത്യയിൽ പ്രദർശിപ്പിക്കുന്ന അവരുടെ ഉൽപ്പന്നങ്ങളിൽ ടെറി ടവലുകൾ, ബാത്ത് റോബുകൾ - സ്ലിപ്പറുകൾ, ഫ്ലാറ്റ് ടവലുകൾ, ബീച്ച് ടവലുകൾ, കിഡ് ടവലുകൾ, ഫെയ്സ് ടവലുകൾ, ഗിഫ്റ്റ് സെറ്റുകൾ എന്നിവ ഉൾപ്പെടുന്നു.

കോയമ്പത്തൂരിൽ നിന്നുള്ള ഇന്ത്യയിലെ മുൻനിര കയറ്റുമതിക്കാരും ഉയർന്ന നിലവാരമുള്ള ആഡംബര ടവൽ ബ്രാൻഡായ മൈക്രോകോട്ടണിന്റെ പേരിൽ ആഗോളതലത്തിൽ അറിയപ്പെടുന്നതുമായ **ശാരദ ടെറി പ്രൊഡക്ട്സ്** ഈ വിഭാഗത്തിൽ ആദ്യമായി നൂതനമായ സൊല്യൂഷനുകളുടെ ഒരു സമ്പൂർണ്ണ ശ്രേണിയുമായാണ് എത്തുന്നത്. ഇത് ബെഡ് - ബാത്ത് വിഭാഗത്തിലെ വിതരണക്കാർക്കും റീട്ടെയിലർമാർക്കും പുതിയൊരു ബിസിനസ് അവസരം കൊണ്ടുവരുന്നു.

ഉയർന്ന നിലവാരമുള്ള ബാത്ത് മാറ്റുകൾക്കായി പാനിപ്പത്തിൽ നിന്നുള്ള ഏറ്റവും മികച്ച കയറ്റുമതിക്കാരായ **പാൻ ഓവർസീസ്,** ബാത്ത് മാറ്റുകൾ, ബാത്ത് റഗ്ഗുകൾ, കിടക്കകൾ, റഗ്ഗുകൾ, ലൈഫ്സ്റ്റൈൽ, ഡെക്കറേറ്റീവ് മെയ്ഡ് അപ്പുകൾ എന്നിവയുടെ മുഴുവൻ ശ്രേണിയും അടങ്ങുന്ന **പാനോ** ബ്രാൻഡ് അവതരിപ്പിക്കുന്നു. അവരുടെ ഉൽപ്പന്നങ്ങൾ അലങ്കാരത്തിനും പ്രവർത്തനക്ഷമതയ്ക്കും അതുല്യമായ ഡിസൈൻ സൗന്ദര്യശാസ്ത്രം കൊണ്ടുവരുന്നു.

## മാട്രസുകളും സ്ലീപ്പ് ടെക്നോളജിയും

ഇന്ത്യൻ ഉപഭോക്താക്കൾ ആരോഗ്യകരമായ ജീവിതത്തിന്റെ ഭാഗമായി, ശാരീരികക്ഷമതയും ചടുലതയും നിലനിർത്തുന്നതിന് അവരുടെ ഉറക്കത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് ഇപ്പോൾ കൂടുതൽ ബോധവാന്മാരായിരിക്കുന്നു. നല്ല ആരോഗ്യകരമായ


Kurlon

ഉറക്കത്തിന് നിരവധി ഘടകങ്ങളും വ്യത്യസ്ത ഘട്ടങ്ങളുമുണ്ട്. നല്ല ഉറക്കത്തിന്റെ ഗുണനിലവാരം ഓരോ വ്യക്തിയും തിരഞ്ഞെടുക്കുന്ന ശരിയായ ഉറക്ക ഉൽപ്പന്നങ്ങളെ ആശ്രയിച്ചിരിക്കുന്നു.

ഡിസൈൻ പാറ്റേണുകളും നിറങ്ങളും അലങ്കാര കാഴ്ചപ്പാടിൽ പ്രധാനമായുള്ള മറ്റ് ടെക്സ്റ്റൈൽ മേഖലകളിൽ നിന്ന് വ്യത്യസ്തമായി, ആരോഗ്യകരമായ ഉറക്കത്തിന്റെ ടെക്സ്റ്റൈൽ പിന്തുണ ശാസ്ത്ര-സാങ്കേതികവിദ്യ, ഉറക്ക ഉൽപ്പന്നങ്ങളുടെ മെറ്റീരിയലുകൾ എന്നിവയെ അടിസ്ഥാനമാക്കിയിരിക്കുന്നു. അതേസമയം, ലോകത്ത് സ്ലീപ്പ് കോച്ചുകളും സ്ലീപ്പ് ക്ലിനിക്കുകളും സ്റ്റുഡിയോകളും ഉണ്ട്, അവിടെ ഉറക്കത്തെ അതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ബഹുമുഖ മാനങ്ങളിൽ വിശകലനം ചെയ്യാൻ കഴിയും. അതിനാൽ സാങ്കേതികവിദ്യയും മെറ്റീരിയലുകളും ആരോഗ്യകരമായ ഉറക്കത്തിനായി അതിവേഗം നവീകരണത്തിലേക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. ഈ വളർച്ചാ മേഖല മനസ്സിലാക്കുന്നത് കിടക്കകളുടെ സ്ലീപ്പ് ബിസിനസ്സിൽ ആകർഷകമായ വ്യത്യാസത്തിന്റെ അടിസ്ഥാനമായി മാറുകയാണ്. മെത്തകളും അതിനപ്പുറവും.

എച്ച്ജിഎച്ച് ഇന്ത്യ 2021–ൽ, ഹാൾ 14 ൽ **വേൾഡ് ഓഫ് സ്ലീപ്പ്** എന്ന ബ്രാൻഡിന് കീഴിൽ ഒരു പ്രത്യേക സ്ലീപ്പ് ടെക്നോളജി പവലിയൻ ഉണ്ടായിരിക്കും, അവിടെ ചില്ലറ വ്യാപാരികൾക്ക് ഉറക്ക ഉൽപ്പന്നങ്ങളിലെ പുരോഗതി മനസ്സിലാക്കാനുള്ള അവസരം ലഭിക്കും. **എച്ച്ജിഎച്ച് ഇന്ത്യയും ഐഎസ്പിഎഫും** (ഇന്ത്യൻ സ്ലീപ്പ് പ്രൊഡക്ട്സ് ഫെഡറേഷൻ) സംയുക്ത സംരംഭമാണ് **വേൾഡ് ഓഫ് സ്ലീപ്പ്.** ആരോഗ്യകരമായ ഉറക്കത്തിനുള്ള പ്രധാന ഉൽപ്പന്നം അതിന്റെ മാട്രസ് അടക്കമുള്ള ബെഡ് സംവിധാനമാണ്. സ്ലീപ്പ് ടെക്നോളജി സോണിൽ പ്രമുഖ ബ്രാൻഡുകളായ **കുർൾ–ഓൺ, സ്ലീപ്വെൽ, കിംഗ് കോയിൽ, പെപ്സ്, നീൽകമൽ** എന്നിവ കയർ, സ്പ്രിംഗ്, മെമ്മറി ഫോം, റബ്ബർ ഫോം, ചികിത്സാ മെത്തകൾ, തലയിണകൾ, മാട്രസ് പ്രൊട്ടക്ടറുകൾ എന്നിവയിൽ തങ്ങളുടെ നൂതന ശ്രേണി അനാവരണം ചെയ്യും.

കൂടാതെ, **ഫ്രെഷ് അപ്പ്, ഹോം സ്കേപ്സ്, സ്പൈൻമാറ്റ്, കോംഫി തുടങ്ങി** നിരവധി വരാനിരിക്കുന്ന ബ്രാൻഡുകളും ഈ വിഭാഗത്തിലെ വ്യാപാരത്തിനായി ഒന്നിലധികം തലത്തിലുള്ള ചോയ്സുകളും പുതിയ ബിസിനസ്സ് അവസരങ്ങളും കൊണ്ടുവരും.

## ഗൃഹോപകരണങ്ങൾ: കൂടുതൽ സ്മാർട്ട്, കൂടുതൽ മോഡേൺ

ഇന്ത്യയിലെ ഗൃഹോപകരണ വിപണി വർഷം തോറും വളരുകയും വൈവിധ്യവൽക്കരിക്കുകയും നവീകരിക്കുകയും ചെയ്യപ്പെടുന്നു, അതിന്റെ ഫലമായി


Signoraware

അടുക്കള ഉപകരണങ്ങൾ, പാത്രങ്ങൾ, അടുക്കള പാത്രങ്ങൾ, ടേബിൾവെയർ, സംഭരണം, . വൃത്തിയാക്കൽ, ആരോഗ്യം - ശുചിത്വം, പൊതു ഗൃഹോപകരണ ഉൽപ്പന്നങ്ങൾ എന്നിങ്ങനെ എല്ലാ വിഭാഗങ്ങളിലുമുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യത്തിനും ഗുണനിലവാരത്തിനും അളവുകൾക്കുമുള്ള ഡിമാൻഡ് വർദ്ധിച്ചു വരികയാണ്. ഒരു വശത്ത് പരമ്പരാഗത രീതികളിൽ നിന്ന് കൂടുതൽ ആധുനിക കുടുംബങ്ങളിലേക്കുള്ള പാചക, ഡൈനിംഗ് ശീലങ്ങളിലെ മാറ്റം, മറുവശത്ത് അത്യാധുനിക സാങ്കേതിക വിദ്യകളോട് വളരെ വേഗത്തിൽ പൊരുത്തപ്പെടുന്നത് മുമ്പെന്നത്തേക്കാളും വൈവിധ്യമാർന്ന ഗൃഹോപകരണങ്ങളിലേക്ക് അവരെ നയിക്കുന്നു. കൂടുതൽ യന്ത്രവത്കൃത അടുക്കള ഉപകരണങ്ങൾ, കൂടുതൽ ആധുനിക പാത്രങ്ങൾ, ഡിന്നർ സെറ്റുകൾ എന്നിവയിലേക്കുള്ള മാറ്റം വിപണിയിൽ പുതിയ ബിസിനസ് അവസരങ്ങൾ ഉയർത്തുകയും പുതിയ സ്ഥാനങ്ങൾ തേടി കണ്ടെത്തുകയും ചെയ്യുന്നു.

## പാചക പാത്രങ്ങൾ

ഇന്ത്യൻ പാചകരീതി നഗര, അന്തർദേശീയ പാചകരീതിയുമായി കൂടുതൽ പൊരുത്തപ്പെട്ടു വരികയാണ്. ആരോഗ്യ ബോധം, സൗകര്യം, ഗാർഹിക ഫാഷൻ ട്രെൻഡുകൾ എന്നിവയാൽ നയിക്കപ്പെടുന്ന ഇന്ത്യൻ ഉപഭോക്താക്കൾ രാജ്യാന്തര നിലവാരത്തിലുള്ള പ്രഷർ കുക്കറുകൾ, ഫ്രൈയിംഗ് പാനുകൾ, ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ തുടങ്ങി പാചക പാത്രങ്ങളുടെ മുഴുവൻ ശ്രേണിയിലും അന്വേഷണം നടത്തികൊണ്ടിരിക്കുകയാണ്. ആധുനികവൽക്കരണം ആഗ്രഹിക്കുന്ന ഉപഭോക്താക്കളിലേക്കും യുവ ടാർഗെറ്റ് ഗ്രൂപ്പുകളിലേക്കും എത്തിച്ചേരാൻ റീട്ടെയിൽ രംഗവും പുതിയ പാചക പാത്ര ഉൽപ്പന്നങ്ങളുമായി പൊരുത്തപ്പെടേണ്ടതുണ്ട്.


Stahl

വൈവിധ്യമാർന്ന സ്റ്റെയിൻലെസ് സ്റ്റീൽ പാത്രങ്ങൾ, ഫ്രൈയിംഗ് പാനുകൾ, പ്രഷർ കുക്കറുകൾ, എല്ലാ മെറ്റീരിയലുകളിലും ഉള്ള വോക്കുകൾ, നോൺ–സ്റ്റിക്ക് കുക്ക് വെയർ തുടങ്ങിയവയ്ക്കായി **ഓട്ടോപ്രെസ് ഇന്ത്യ**

# സ്ലീപ്പ് ടെക്നോളജി | സ്മോൾ ഫർണീച്ചർ | സ്മാർട്ട് കുക്കിംഗ് | സ്വച്ച് ഭാരത്

അവതരിപ്പിക്കുന്ന മുൻനിര ബ്രാൻഡാണ് **സ്റ്റാഹിൽ . യുണൈറ്റഡ് ഏക്ത, ഓകെ ഇൻഡസ്ട്രീസ്, നോൾട്ട, സെല്ലോ, എഡബ്ലിയുകെ, എസ്എൻബി എന്റർപ്രൈസസ്** എന്നിവ ഏറ്റവും പുതിയ നോൺ–സ്റ്റിക്ക് കുക്ക്വെയർ, കിച്ചൺവെയർ എന്നിവ പ്രദർശിപ്പിക്കും.

എച്ച്ജിഎച്ച് ഇന്ത്യ അവതരിപ്പിക്കുന്ന ഹാൾ 10–ലെ **സ്മാർട്ട് കുക്കിംഗ്** പവലിയൻ, പുതിയ ഉപഭോക്തൃ ആവശ്യങ്ങൾ കണക്കിലെടുത്ത് ഇന്ത്യയിൽ പാചകപാത്ര രംഗത്ത് സ്വീകരിച്ചിരിക്കുന്ന മുന്നേറ്റങ്ങളിലും ദിശകളിലും ശ്രദ്ധ കേന്ദ്രീകരിക്കും.

## ടേബിൾവെയർ

സെറാമിക്സ്, ക്രോക്കറി, ഗ്ലാസ്വെയർ, കട്ട്ലറി,


Clay Craft

സെർവെയർ, ബാർവെയർ, എന്നിവയുടെ ഭൂമികയിൽ എച്ച്ജിഎച്ച് ഇന്ത്യ, വിവിധ തരം ഉൽപന്നങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്. ജയ്പൂർ, ഖുർജ, മുംബൈ, ഡൽഹി, ഗുരുഗ്രാം, കൊൽക്കത്ത എന്നിവിടങ്ങളിൽ നിന്നും മറ്റ് നിരവധി നഗരങ്ങളിൽ നിന്നും ഇന്ത്യയിലുടനീളമുള്ള പട്ടണങ്ങളിൽ നിന്നും വരുന്ന എക്സിബിറ്റർമാർക്കൊപ്പം വിവിധതരം പുതിയ ഉൽപ്പന്നങ്ങളും പുതിയ ഡിസൈനുകളും പുതിയ ആശയങ്ങളും ഇവിടെ പ്രദർശിപ്പിക്കപ്പെടുന്നതാണ്.

**ക്ലേ ക്രാഫ്റ്റ്** അവരുടെ ഏറ്റവും പുതിയ ഡിന്നർവെയറുകളും സെർവെയറുകളും പുതുമയോടെ അവതരിപ്പിക്കുകയാണ്. ടേബിൾടോപ്പ് സെറാമിക്സിന്റെ ഏറ്റവും വൈവിധ്യമാർന്ന ഉൽപന്നങ്ങൾ ഇന്ത്യൻ വിപണിയിൽ അവതരിപ്പിക്കാനാണ് ഇവിടെ അവർ ലക്ഷ്യമിടുന്നത്. ''അന്താരാഷ്ട്ര ബ്രാൻഡുമായുള്ള ഞങ്ങളുടെ ഏറ്റവും പുതിയ സഹകരണം ഇവിടെ പ്രദർശിപ്പിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. മറ്റ് പുതിയ ശേഖരങ്ങളിൽ അന്തർദേശീയ ബ്രാൻഡായ 'മിസ്റ്റർ. മെൻ ലിറ്റിൽ മിസ്സ്' നിരവധി വിചിത്രമായ കഥാപാത്രങ്ങളുള്ള കോഫി മഗ്ഗുകൾ, പുതിയ മോണോക്രോം കളക്ഷനുകൾ, ഹാപ്പിനസ് ഈസ്, ഇന്ത്യ സർക്കസ് ഡിസൈനർ ടേബിൾവെയർ എന്നിവ ഉൾപ്പെടുന്നു'' കമ്പനി പറയുന്നു.

അറിയപ്പെടുന്നതും വിശ്വസനീയവുമായ ഗ്ലാസ്വെയറുകളും ഡിഷ്വെയർ ഉൽപ്പന്നങ്ങളും കോറെൽ വിപണനം ചെയ്യുന്നുണ്ട്. **കോറെൽ** തന്നെ ഒരു ടെമ്പർഡ് ഗ്ലാസ് ഉൽപ്പന്നമാണ്, രണ്ട് തരം ഗ്ലാസ് മൂന്ന് പാളികളായി ലാമിനേറ്റ് ചെയ്തവയാണ് ഇത്. അവരുടെ ഡിസൈൻ ആധുനിക അമേരിക്കൻ, ദക്ഷിണ–യൂറോപ്യൻ അഭിരുചികളെ പ്രതിഫലിപ്പിക്കുന്നവയും പാരമ്പര്യേതര ഇന്ത്യൻ കുടുംബങ്ങളെ ആകർഷിക്കുന്നവയും ആണ്.

കൊൽക്കത്ത ആസ്ഥാനമായുള്ള മുൻനിര ബ്രാൻഡായ **റോക്സ്**, ടേബിൾവെയർ, ഗ്ലാസ്വെയർ, സ്റ്റോറേജ്, ബോട്ടിലുകൾ, കിച്ചൺവെയർ തുടങ്ങി പ്രീമിയം, മാസ് മാർക്കറ്റ് സെഗ്മെന്റുകളിൽ പുതിയ ശ്രേണി വാഗ്ദാനം ചെയ്യുന്നു.

**ഭാരത് പോട്ടറീസ്, സ്റ്റോൺ സഫയർ ഇന്ത്യ, ഹിത്കാരി, യു.പി. സെറാമിക്സ്** എന്നിവ ബോൺ ചൈന, മെലാമൈൻ ടേബിൾവെയർ, കുക്ക്വെയർ, ഡിന്നർവെയർ, സ്റ്റോറേജ് ഇനങ്ങൾ, കുപ്പികൾ, എയർ പ്യൂരിഫയറുകൾ തുടങ്ങിയവ അവതരിപ്പിക്കും.

## സ്റ്റോറേജും പ്ലാസ്റ്റിക്കും

സ്റ്റോറേജ്, പ്ലാസ്റ്റിക്, ജനറൽ ഹൗസ്വെയർ, ക്ലീനിംഗ്, മെയിന്റനൻസ് തുടങ്ങിയ അതിവേഗം വളരുന്ന ഹൗസ്വെയർ സെഗ്മെന്റുകളിലെ നിരവധി മുൻനിര പ്ലെയേഴ്സിൽ നിന്ന് എച്ച്ജിഎച്ച് ഇന്ത്യ 2021–ൽ ഡിസൈനുകളിലും ഉൽപ്പന്നങ്ങളിലും വൈവിധ്യമാർന്ന പുതുമകൾ സന്ദർശകർക്ക് പ്രതീക്ഷിക്കാം.

**സെല്ലോ, സിഗ്നോരവെയർ, ജേപീ എന്നീ** സ്ഥാപനങ്ങൾ അടുക്കള, സംഭരണം, ബാത്ത്റൂം, ക്ലീനിംഗ്, പൊതുവായ ഗാർഹിക ഉപയോഗം എന്നിവയ്ക്കായി പ്ലാസ്റ്റിക് ഹൗസ്വെയർ ഉൽപ്പന്നങ്ങളിൽ വിപുലമായ ശ്രേണി വാഗ്ദാനം ചെയ്യുന്നു.

## ബ്ലൈൻഡ്സ്, വിൻഡോ അലങ്കാരം

ആധുനിക ഇന്ത്യൻ വീടുകൾക്ക്, ബ്ലൈൻഡുകൾ അലങ്കാരത്തിന്റെയും വീടിന്റെ രൂപകൽപ്പനയുടെയും അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു.

ഒരു വിഭാഗമെന്ന നിലയിൽ വിൻഡോ ബ്ലൈന്റുകൾ മൾട്ടിഫങ്ഷണൽ ആണ്.

അടിസ്ഥാനപരമായി, അവ (1) പുറത്ത് നിന്ന് കാണുന്നതിൽ നിന്നുള്ള സംരക്ഷണമായും (2) പ്രകാശത്തിൽ നിന്നുള്ള സംരക്ഷണമായും പ്രവർത്തിക്കുന്നു. കൂടുതൽ വ്യത്യസ്തമായി അവ വെയിലിൽ നിന്നും പുറത്തുനിന്നുള്ള ചൂടിൽ നിന്നും സംരക്ഷിക്കുന്നു, മാത്രമല്ല, അവ പുറത്തെ തണുപ്പിൽ നിന്നും സംരക്ഷിക്കും. അവ അകത്തും പുറത്തും ഘടിപ്പിക്കാൻ കഴിയും, കൂടാതെ പേപ്പർ, തുണിത്തരങ്ങൾ, അലുമിനിയം, മരം, സ്റ്റീൽ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചും ഇവ തയ്യാറാക്കുന്നു. സാധാരണയായി അവ തുറക്കുന്നതിനും അടയ്ക്കുന്നതിനുമുള്ള ഒരു സാങ്കേതികവിദ്യ സഹിതമാണ് വരുന്നത്, അവയിൽ ഓട്ടോമേറ്റഡും ഉണ്ട്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി, ആധുനിക വീടുകൾ, ഓഫീസുകൾ, ഹോട്ടലുകൾ മുതലായവയിൽ കർട്ടനു പകരം ഇവ മാറ്റിസ്ഥാപിക്കുന്നുണ്ട്. സംരക്ഷണ പ്രവൃത്തികളിൽ ഇവ കൂടുതൽ ഫലപ്രമായതിനാലും ഒരു കൺട്രോൾ സിസ്റ്റത്തിൽ ഘടിപ്പിച്ചിട്ടുള്ളതിനാലും അവ അനായാസം വൃത്തിയാക്കാവുന്നതുമാണ്.

ഒരു വശത്ത് ഓട്ടോമേഷൻ, നൂതനമായ ഡിസൈൻ , മറുവശത്ത് മൗണ്ട് ചെയ്യാൻ കഴിയുന്ന പുതിയതായി നിർമ്മിച്ച മുറികൾ എന്നിവയാണ് വിപണിയെ നയിക്കുന്നത്. പരമ്പരാഗത അല്ലെങ്കിൽ റൊമാന്റിക് ഡിസൈൻ ശൈലിയേക്കാൾ കൂടുതൽ ആധുനികവും പ്രവർത്തനപരവുമായ ഡിസൈൻ ശൈലികളോടും ബ്ലൈൻഡ്സ് വ്യക്തമായി യോജിച്ചു പോകുന്നു.

**ഡെക്കോ വിൻഡോ, വിയെന്റോ, കസേജ്, നോവ, ടച്ച് ബ്ലൈൻഡ്സ്, മാർക്കോപോളോ, മാർഷൽസ്, അറ്റ്കോ, ആർടെക്സ് ഓവർസീസ്** തുടങ്ങിയ സുസ്ഥാപിതമായ ഇന്ത്യൻ കളിക്കാർ വെർട്ടിക്കൽ ബ്ലൈൻഡ്സ്, വെനീഷ്യൻ ബ്ലൈൻഡ്സ്, റോളർ ബ്ലൈൻഡ്സ്, റോമൻ ബ്ലൈൻഡ്സ് എന്നിവയുടെ സമ്പൂർണ്ണ ശ്രേണി അവതരിപ്പിക്കും. ബ്ലൈൻഡ്സ് , കർട്ടൻ ഡെക്കറേഷൻ ആക്സസറികൾ, ഓട്ടോമേഷൻ, ഡ്രെപ്പറി, മെക്കാനിസങ്ങൾ എന്നിവയിലും അവർ അവരുടെ ഏറ്റവും പുതിയ ശ്രേണി പ്രദർശിപ്പിക്കും. ഈ ആധുനിക ഉൽപ്പന്ന ഗ്രൂപ്പിന്റെ ബിസിനസ്സ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് സന്ദർശകർക്ക് പുതിയ സാങ്കേതികവിദ്യകളും ട്രെൻഡുകളും കണ്ടെത്താൻ കഴിയും.

## വാൾപേപ്പറുകൾക്ക് ആവശ്യക്കാർ ഏറെയാണ്

അടുത്ത കുറച്ച് വർഷങ്ങളിൽ ഇന്ത്യൻ വാൾപേപ്പറുകൾ വിപണിയിൽ 30–40% വളർച്ച പ്രതീക്ഷിക്കുന്നതായി വിപണി വിദഗ്ധർ പറയുന്നു. വർദ്ധിച്ചുവരുന്ന നഗര ജനസംഖ്യ, മാറുന്ന ജീവിതശൈലി, ചിലവഴിക്കാവുന്ന വരുമാനത്തിലെ വർദ്ധനവ് മൂലമുള്ള മെച്ചപ്പെട്ട ഡിസൈൻ മുൻഗണനകൾ എന്നിവയാണ് ഈ ആരോഗ്യകരമായ വളർച്ചയുടെ പ്രേരകശക്തി. വാൾപേപ്പറുകളുടെ വിപണിയിൽ വലിയ കുതിപ്പാണ് പ്രതീക്ഷിക്കുന്നത്. വ്യത്യസ്ത സവിശേഷതകളും ഗുണങ്ങളും വ്യത്യസ്ത വില നിലവാരവും ഉള്ള മെറ്റീരിയൽ തുടങ്ങി വിവിധ കാര്യളിലൂടെ അതിന്റെ വൈവിധ്യം നിലനിർത്താനായിട്ടുണ്ട്.


Erismann

വിപണിയിലെ പ്രമുഖരായ **മാർഷൽസ് വാൾ കവറിംഗ്, ഏഷ്യൻ പെയിന്റ്സ്, അറ്റ്കോ ഇന്റീരിയേഴ്സ് എന്നിവ** എച്ച്ജിഎച്ച് ഇന്ത്യയിൽ അവരുടെ ഉൽപന്നങ്ങൾ അവതരിപ്പിക്കും.

**റോയൽ വാൾപേപ്പർ** ജർമ്മൻ ബ്രാൻഡായ എറിസ്മാനെ കൊണ്ടുവരും. അലങ്കാര ഗ്ലാസ് ഫിലിമുകളിലെ സ്പെഷ്യലിസ്റ്റ് **തഹേരി ഡെക്കോർ**, കസ്റ്റമൈസ്ഡ് വാൾപേപ്പറിൽ വൈദഗ്ദ്ധ്യം നേടിയ **വാൾ എംപയർ** എന്നിവയും അവരുടെ പുതുമകൾ പ്രദർശിപ്പിക്കും. കൂടാതെ, മറ്റ് നിരവധി വാൾപേപ്പർ ഇറക്കുമതിക്കാരും ദേശീയ വിതരണക്കാരും അവരുടെ അന്താരാഷ്ട്ര വാൾപേപ്പറുകൾ പ്രദർശിപ്പിക്കും.

ഇന്ത്യയിലെ വാൾപേപ്പറുകളിലെ ഏറ്റവും പ്രധാനപ്പെട്ട സ്പെഷ്യലിസ്റ്റാണ് **മാർഷൽസ് വാൾ കവറിംഗ്.** യൂറോപ്യൻ ഡിസൈനുകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അവർ എച്ച്ജിഎച്ച് ഇന്ത്യ 2021–ൽ വൈവിധ്യമാർന്ന ഡിസൈനുകളും മെറ്റീരിയലുകളും വാഗ്ദാനം ചെയ്യുന്നു. യൂറോപ്പിലെയും യു എസിലെയും മികച്ച കമ്പനികളായ ഗ്രാൻഡെക്കോ, റാഷ്, സിർപി, സാംബൈറ്റി, ഒമെകസ്കോ, മാർബർഗ്, കാസഡെക്കോ എന്നിവയിൽ നിന്നുള്ള എക്സ്ക്ലൂസീവ് ഇംപോർട്ടറാണ് മാർഷൽസ്.

## ഉയർന്നുവരുന്ന വിഭാഗമായി കാർപെറ്റുകളും ഫ്ലോർകവറിംഗുകളും


CEPC

വീടുകൾ മെച്ചപ്പെടുത്തുന്നതിനും പുതിയ വീടുകൾ, ഓഫീസുകൾ, കടകൾ തുടങ്ങിയവ അലങ്കരിക്കുന്നതിനുമുള്ള പ്രവണത പരവതാനികൾക്കും മറ്റ് ഫ്ലോർ കവറിംഗുകളും വളരെയധികം പ്രയോജനം നേടികൊടുക്കുന്നു. ആഭ്യന്തര വിപണിയിലെ ഒരു പ്രധാന വിഭാഗമായി അവ വളരുകയാണ്. ഏരിയ റഗ്ഗുകളുടെയും പരവതാനികളുടെയും ഏറ്റവും പ്രധാനപ്പെട്ട ശക്തി, അവ അലങ്കാരത്തിനു മാത്രമല്ല, മുറിയിൽ ശബ്ദവും തണുപ്പും കുറയ്ക്കുന്ന കാര്യത്തിൽ മുറികൾക്ക് പ്രവർത്തനപരമായ സംഭാവന നൽകുകയും ചെയ്യുന്നു എന്നതാണ്. ഇന്ത്യയിലെ ഉയർന്ന മൂല്യ കേന്ദ്രീകൃത ഉപഭോക്താക്കളുള്ള ഈ വിപണി, ലക്ഷ്വറി മുതൽ പ്രീമിയം വരെ, ഡെക്കറേറ്റീവ് മുതൽ ഫംഗ്ഷണൽ വരെ, ആധുനികം മുതൽ പരമ്പരാഗതം വരെ ഫ്ലോർ കവറിംഗുകളുടെ എല്ലാ വിഭാഗത്തിലും ഉയർന്ന വളർച്ച കൈവരിക്കുന്നു. പ്രകൃതിദത്തമായതും സിന്തറ്റിക് ആയതുമായ റഗ്ഗുകളും ഫ്ലോർ കവറുകളും വളർച്ച കൈവരിച്ചു കൊണ്ടിരിക്കുകയാണ്.

40% വിപണി വിഹിതമുള്ള ഇന്ത്യയുടെ കൈകൊണ്ട് നിർമ്മിച്ച പരവതാനികൾ ലോക വിപണിയിലെ ഏറ്റവും പ്രധാനപ്പെട്ട സംഭാവനയാണ്. വൈദഗ്ധ്യം നിറഞ്ഞ കരകൗശലത്തിനും പരമ്പരാഗത അലങ്കാരങ്ങൾക്കും പേരുകേട്ടവയാണവ. ഇവ പലപ്പോഴും ആധുനിക അഭിരുചിക്കനുസരിച്ച് അപ്ഡേറ്റ് ചെയ്യപ്പെടുന്നുമുണ്ട്. ഇന്ത്യൻ നിർമ്മാതാക്കൾക്ക് കയറ്റുമതി സുപ്രധാനമാണെങ്കിലും, ഇപ്പോൾ അതിവേഗം വളരുന്ന ആഭ്യന്തര വിപണിയിൽ പലരും കൂടുതൽ ശ്രദ്ധ ചെലുത്തി വരുന്നുണ്ട്. എച്ച്ജിഎച്ച് ഇന്ത്യ, കൈകൊണ്ട് കെട്ടിയതും കൈകൊണ്ട് നെയ്തതും ഒപ്പം യന്ത്രനിർമിതവുമായ ഏരിയ റഗ്ഗുകളും പരവതാനികളും പ്രദർശിപ്പിക്കും. **കാലീൻ, വില്ലേജ് വീവേഴ്സ്, വൈറ്റ് ഐസ്, നാരായൺ കാർപെറ്റ്സ്** തുടങ്ങിയ പ്രമുഖ പേരുകൾ അവരുടെ സമഗ്രമായ ശ്രേണിയുമായി പ്രദർശനത്തിലുണ്ടാകും. **കാർപെറ്റ് എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ (സിഇപിസി)**, മുൻവർഷങ്ങളിലെന്നപോലെ, ബദോഹി, വാരണാസി, ജയ്പൂർ, ബിക്കാനീർ, ആഗ്ര, ഡൽഹി തുടങ്ങിയ പ്രമുഖ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് കൈകൊണ്ട് നിർമ്മിച്ച പരവതാനികളുടെ നിർമ്മാതാക്കളുടെയും കയറ്റുമതിക്കാരുടെയും 20 പേരടങ്ങിയ ഗ്രൂപ്പിനെ കൊണ്ടുവരും.

മറ്റ് മുൻനിര നിർമ്മാതാക്കളും ഇറക്കുമതിക്കാരും കയറ്റുമതിക്കാരും അവരുടെ കളക്ഷനുകളായ **ഖാലിൻ, റഗ്സ് കൺസെപ്റ്റ്, സൂപ്പർഗ്രാസ്** എന്നിവ അവതരിപ്പിക്കുന്നുണ്ട്. ഉദാഹരണത്തിന്, കൈകെട്ട് പരവതാനികളിൽ വൈദഗ്ദ്ധ്യമുള്ള **റഗ്സ് ഓവർസീസ്,** പരമ്പരാഗത ഡിസൈനുകൾ മാത്രമല്ല, അവരുടെ പുതിയ ശ്രേണി 'ടർക്കിഷ് പരവതാനി', കൂടാതെ ആധുനിക ഡിസൈനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട 'അബ്സ്ട്രാക്റ്റ്', 'മോഡേൺ ആർട്ട്' എന്നീ ശേഖരങ്ങളും പ്രദർശിപ്പിക്കുന്നു.

ഇന്ത്യയിലെ മെഷീൻ നിർമ്മിത പരവതാനികളുടെ ആഭ്യന്തര ബോർഡ് ലൂം ഉൽപാദകരിൽ പ്രഥമ ഗണനീയരാണ് കാലീൻ ലൈഫ്സ്റ്റൈൽ.ഇന്ത്യൻ കാർപറ്റ് ഉൽപാദന രംഗത്തെ ഉന്നത സ്ഥാനീയരാണവർ. ഉയർന്ന നിലവാരമുള്ള കൈകൊണ്ട് നിർമ്മിച്ച പരവതാനികൾക്കൊപ്പം അവർ മെഷീൻ നിർമ്മിത പരവതാനികളും പ്രദർശനത്തിൽ അവതരിപ്പിക്കുന്നു, അങ്ങനെ ഗുണനിലവാരമുള്ള ജീവിതശൈലിയുടെ

**കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക www.hghindia.com അല്ലെങ്കിൽ വിളിക്കുക: മുംബൈ: ടെലി +91(22) 24214111, ഡൽഹി: ടെലി:+91(11) 2571 4111**

# ട്രെന്റ്സ് 2021/22 | സോഴ്സിംഗ് | പുതിയ ബിസിനസ്സ് | അവസരങ്ങൾ

ഭാഗമായി പരവതാനികളും ഫ്ലോർകവറിംഗുകളും അവതരിപ്പിക്കുന്നു.

**കൊയർ ബോർഡ്, നാഷണൽ ജൂട്ട് ബോർഡ്** എന്നിവർ കയർ, ചണ മേഖലയിൽ നിന്നുള്ള ഉൽപാദകരുടെ ഗ്രൂപ്പ് പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. അവരുടെ പ്രതിനിധികൾ കൊയർ ഡോർ മാറ്റുകൾ, ചണത്തിന്റെയും ചണം മിശ്രണം ചെയ്തുമുള്ള കാർപ്പറ്റുകൾ, ഫ്ലോറിംഗ് , ഷോപ്പിംഗ്, ഫാഷൻ ബാഗുകൾ, ഡെക്കറേറ്റീവ് ആക്സസറികൾ എന്നിവയും പ്രദർശനത്തിൽ അവതരിപ്പിക്കുന്നുണ്ട്.

## ഹോം ഡെക്കറേഷന്റെ വ്യാപ്തി കൂടുന്നു



ഫ്ലോർസ്, ടേബിൾസ്, ചുമരുകൾ , സീലിംഗ് എന്നിവയുടെ അലങ്കാരത്തിനാവശ്യമായ കാൻഡിൽ സ്റ്റാൻഡുകൾ, ഡെക്കറേറ്റീവ് കാൻഡിൽസ്, സുഗന്ധങ്ങൾ, പോട്ട് ഔറി, കൃത്രിമ പൂക്കളും പുല്ലുകളും, ഫിഗറിൻസ്, വേസുകൾ, ഫോട്ടോ ഫ്രെയിമുകൾ, ആർട്ട് വർക്കുകൾ, ആർട്ടെഫാക്ടുകൾ, മ്യൂറൽസ് എന്നിവ അടക്കം നിരവധി അലങ്കാര വസ്തുക്കൾ പ്രദർശനത്തിനെത്തുന്നുണ്ട്. ഡൽഹി, മുംബൈ, മോറാദാബാദ്, ഫിറോസാബാദ്, ആഗ്ര, ഷഹരാൻപൂർ, ലക്നൗ, ജയ്പൂർ, ജോധ്പൂർ, കാശ്മീർ, രാജ്കോട്ട് , ഹൈദരബാദ് തുടങ്ങിയ ഇടങ്ങളിൽ നിന്ന് പ്രമുഖ കരകൗശല വസ്തു നിർമ്മാതാക്കൾ പ്രദർശനത്തിനെത്തുന്നുണ്ട്.

മൊറാദാബാദിൽ നിന്നുള്ള **പാരമൗണ്ട്** മെറ്റലിലുള്ള കളക്ഷനുകൾ, ബ്രാസ്വെയർ, ഗ്ലാസ്സ്വെയർ എന്നിവയിലെ ഏറ്റവും പുതിയ ഇന്റർനാഷണൽ ഡെക്കറേറ്റീവ് ആക്സസറികൾ എന്നിവ ഇന്ത്യൻ റീട്ടെയിലേഴ്സിന് എത്തിച്ചു നൽകുന്നതാണ്.

റാഞ്ചിയിൽ നിന്നുള്ള **വേദാസ്** പതിവു പോലെ ആക്സെന്റ്, ചെറിയ ഫർണീച്ചറുകൾ, ചുമർ അലങ്കാരത്തിനുള്ള ഡെക്കറേറ്റീവ് ആക്സസറികൾ എന്നിവയുടെ വളരെ നൂതനമായ ശ്രേണി അവതരിപ്പിക്കും.

**ഇപിസിഎച്ച് ( എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഫോർ ഹാൻഡിക്രാഫ്റ്റ്സ്)** അവയുടെ നിരവധി അംഗങ്ങൾക്കായി ഒരു ഗ്രൂപ്പ് പാർട്ടിസിപ്പേഷൻ അവതരിപ്പിക്കുന്നുണ്ട്. നിരവധി കരകൗശല വസ്തുക്കൾ, ഡെക്കറേറ്റീവ് സൊലൂഷൻസ് എന്നിവ അവരുടെ പ്രദർശനത്തിലുണ്ടാകും.

ഇതു കൂടാതെ, ഡെവലപ്മെന്റ് കമ്മീഷണർ, ഹാൻഡിക്രാഫ്റ്റ്, മിനിസ്ട്രി ഓഫ് ടെക്സ്റ്റൈൽസ്, ഇന്ത്യാ സർക്കാർ, സ്ഥാപനങ്ങളായ **യുപിഇഎ , ഛത്തീസ്ഗഡ് ഹസ്ത് ശിൽപ് വികാസ് ബോർഡ്, നെക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹാൻഡ്ലൂം ആൻഡ് ഹാൻഡിക്രാഫ്റ്റ്സ്, കാശ്മീർ** തുടങ്ങിയവ ഇന്ത്യയുടെ പരമ്പരാഗത കലകളുടെയും കലാരൂപങ്ങളുടെയും പ്രദർശനത്തിനായി ഗണ്യമായ പിന്തുണ നൽകുന്നുണ്ട്. ഇതിലൂടെ റീട്ടെയിലേഴ്സിന് അനായാസം ഇവ സ്വന്തമാക്കാം .

എച്ച് ജി എച്ച് ഇന്ത്യ സ്പോൺസർ ചെയ്തിരിക്കുന്ന ഹാൾ 10 ലെ ഇന്ത്യൻ ഹെറിറ്റേജ് പവലിയൻ , വുഡ് കാർവിംഗ്, മെറ്റൽ എൻഗ്രേവിംഗ്, പോട്ടറി, എംബ്രോയ്ഡറി തുടങ്ങിയ മേഖലകളിൽ കലാ- കരകൗശല വിഭാഗങ്ങളിൽ ദേശീയ അവാർഡുകൾ നേടിയിട്ടുള്ള കലാകാരൻമാരെയും പ്രദർശനത്തിൽ അണിനിരത്തുന്നുണ്ട്.

## ചെറിയ ആക്സെന്റ് ഫർണീച്ചർ

പുതുതായി പ്രചാരം നേടിവരുന്ന ഈ ചെറിയ ഫർണീച്ചർ വിഭാഗത്തിനും എച്ച്ജിഎച്ച് 2021ൽ മികച്ച സ്ഥാനം ലഭിച്ചിട്ടുണ്ട്. ഓഫീസുകളിലും വീടുകളിലും ഏറെ ആവശ്യക്കാരുള്ള ഈ ഹൈബ്രിഡ് ഫർണീച്ചർ വിഭാഗത്തിന് ഇന്ത്യയിൽ ഇപ്പോൾ ആവശ്യക്കാർ ഏറിവരികയാണ്.

അതുമാത്രമല്ല , നഗരങ്ങളിൽ ലിവിംഗ് സ്പേസ് വളരെ വിലയേറി വരുന്ന ഈ അവസ്ഥയിൽ വീടുകളിലെ ഫർണീച്ചറുകൾ വലുപ്പത്തിൽ ചെറുതും സ്ഥലം



ലാഭിക്കുന്നതും ആയിരിക്കണമെന്ന സങ്കൽപത്തിന് പ്രചാരം കൂടുകയാണ്. അതേസമയം മുറികൾ വിശാലമായി കാണപ്പെടാനും സൗന്ദര്യം വർദ്ധിക്കാനും ആക്സന്റ് ഫർണീച്ചറുകൾ സഹായകമാകുന്നു.

**ഏഷ്യൻപെയിന്റ്സ്, കുർൾ ഓൺ, വേദാസ്** തുടങ്ങിയ പല പ്രധാന ബ്രാൻഡുകളും, അവരുടെ നിലവിലെ ബിസിനസ്സിന് ഉപോൽബലകമായി, റീട്ടെയിലേഴ്സിനുള്ള ബിസിനസ്സ് അവസരങ്ങളുമായാണ് പ്രദർശനത്തിന് എത്തുന്നത്. ട്രേഡിംഗ് രംഗത്ത് ആദ്യമായി അവർ അവരുടെ ബിസിനസ്സ് രഹസ്യങ്ങൾ വെളിപ്പെടുത്താനൊരുങ്ങുകയാണ്. ഇന്ത്യയിലെ **വടക്കു കിഴക്കൻ ഭാഗത്ത്** നിന്നുള്ള പ്രഗത്ഭരായ ഉൽപാദകരിൽ നിന്ന് ബാംബൂ, കെയിൻ ഫർണീച്ചർ, ഡെക്കറേറ്റീവ് ഉൽപന്നങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് **നെക്ടർ** പുതിയ സോഴ്സിംഗ് അവസരങ്ങൾ തുറന്നു വയ്ക്കുന്നതാണ്.

രാജ്യത്ത് നിലനിന്നിരുന്ന യാത്രാ നിയന്ത്രണങ്ങളും ലോക്ഡൗണുകളും ഉണ്ടായിട്ടു പോലും ന്യൂഡൽഹിയിൽ ഇറ്റാലിയൻ ട്രേഡ് കമ്മീഷൻ സംഘടിപ്പിക്കുന്ന പ്രദർശനത്തിൽ 6 ഇന്ത്യൻ കമ്പനികൾ കാറ്റലോഗ് പ്രദർശനത്തിലൂടെ അവരുടെ ഫർണീച്ചർ ശ്രേണി അവതരിപ്പിക്കുകയുണ്ടായി. അതു പോലെ മലേഷ്യൻ ടിംബർ കൗൺസിൽ എച്ച് ജി എച്ച് ഇന്ത്യയുടെ ഒരു ബൂത്തിലൂടെ മലേഷ്യൻ വുഡ് എക്സ്പോർട്ടേഴ്സ് ഇന്ത്യൻ ഇറക്കുമതിക്കാർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനായി ഒരു ബൂത്ത് നടത്തുന്നുണ്ട്. എച്ച് ജി എച്ച് ഇന്ത്യയുടെ വരും കാല പ്രദർശനങ്ങളിൽ അവർ വളരാനുള്ള സാധ്യത ഏറെയാണ്.

PHOTO SPOT

## നിങ്ങളുടെ ഉൽപന്നങ്ങൾക്കായി പ്രൊഫഷണൽ ഫോട്ടോഗ്രാഫി

ഏതൊരു ഹോം ഉൽപ്പന്നത്തിന്റെയും നന്നായി മികവാർന്ന അവതരണത്തിന്റെ ഒരു പ്രധാന വശമാണ് ആകർഷകമായ, റിയലിസ്റ്റിക് ഫോട്ടോഗ്രാഫി. നിങ്ങളുടെ ഉൽപന്നം കിടക്ക, ബാത്ത് ലിനൻ, ഡെക്കറേറ്റീവ് മെയ്ഡ്-അപ്പുകൾ, ഫർണിഷിംഗ് ഫാബ്രിക്, ബ്ലൈൻഡ്, അലങ്കാര ആക്സസറികൾ, ബ്ലൈൻഡ്സ്, വാൾപേപ്പറുകൾ, പരവതാനികൾ അല്ലെങ്കിൽ അടുക്കള പാത്രങ്ങൾ, പാത്രങ്ങൾ, അടുക്കള ഉപകരണങ്ങൾ, സെറാമിക്, മൺപാത്രങ്ങൾ അല്ലെങ്കിൽ പൊതു വീട്ടുപകരണങ്ങളുടെ ഒരു ഇനം അങ്ങനെ എന്തും ആകട്ടെ, അവയുടെ അവതരണത്തിന് ഫോട്ടോഗ്രാഫ് കൂടിയേ തീരൂ.

ഒരു ബ്രാൻഡിന്റെയോ നിർമ്മാതാവിന്റെയോ റീട്ടെയിലറുടെയോ ഉൽപന്നങ്ങളുടെ മികച്ച ദൃശ്യ അവതരണത്തിന്റെയും ഹൃദയമാണ് സൗന്ദര്യാത്മകവും ഉജ്ജ്വലവുമായ ചിത്രങ്ങൾ. ഇന്നത്തെ മത്സരാധിഷ്ഠിത വിപണികളിൽ, നിങ്ങളുടെ ഉൽപ്പന്നം



ശരിയായ രീതിയിൽ അവതരിപ്പിക്കുന്നതിനുള്ള അത്യന്താപേക്ഷിതമായ ആദ്യപടിയാണ് അവ.

എച്ച്ജിഎച്ച് ഇന്ത്യ 2021 ന്റെ പ്രദർശകർക്കും സന്ദർശകർക്കും അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലും വിഷ്വൽ അവതരണത്തിലും ഒരു നല്ല ഫോട്ടോഗ്രാഫി ഉണ്ടാക്കുന്ന വ്യത്യാസത്തിന്റെ ഒരു നേർക്കാഴ്ച നൽകുന്നതിന്, പ്രത്യേകിച്ച് ദേശീയ തലത്തിൽ അവരുടെ ബ്രാൻഡുകളോ ഉൽപ്പന്നങ്ങളോ ജനപ്രിയമാക്കാനോ വിപണിയിലെ നേതൃത്വം നേടാനോ ആഗ്രഹിക്കുന്നവർക്കായി എച്ച്ജിഎച്ച് ഇന്ത്യ, പ്രശസ്ത ഫോട്ടോഗ്രാഫർ ഷിറാസ് ചന്ദുമായി സഹകരിച്ച് ഫോട്ടോ സ്പോട്ട് എന്ന പേരിൽ ഈ വർഷവും പ്രൊഫഷണൽ ഫോട്ടോഗ്രാഫിക്കായി അവസരം ഒരുക്കിയിട്ടുണ്ട്.

ഹാൾ 15–ൽ, ട്രെൻഡ്സ് പവലിയന് സമീപം, എച്ച്ജിഎച്ച് ഇന്ത്യയും ഫോട്ടോഗ്രാഫിക്സും സംയുക്തമായി ചേർന്ന് സ്വീകരണമുറി, കിടപ്പുമുറി, അടുക്കള, കുളിമുറി എന്നിങ്ങനെ വ്യത്യസ്ത ലൈഫ്സ്റ്റൈലുകൾ അടങ്ങിയ ഒരു ഫോട്ടോഗ്രാഫി സ്റ്റുഡിയോ സ്ഥാപിച്ചിട്ടുണ്ട്.

സന്ദർശകർക്കും എക്സിബിറ്റർമാർക്കും ഈ സ്റ്റുഡിയോയിലേക്ക് അവരുടെ ഉൽപ്പന്നങ്ങൾ ആദ്യം വരുന്നവർക്ക് ആദ്യം എന്ന അടിസ്ഥാനത്തിൽ മുൻകൂർ അപ്പോയിന്റ്മെന്റോടെ കൊണ്ടുവന്ന് ഒരു പ്രൊഫഷണൽ ചിത്രം ഫോട്ടോഗ്രാഫ് ചെയ്ത സൗജന്യമായി ലഭ്യമാക്കാൻ സാധിക്കും, അത് അവർക്ക് പ്രൊമോഷണൽ അല്ലെങ്കിൽ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. അവരുടെ വിഷ്വൽ അവതരണത്തിലും വിപണന പ്രയത്നത്തിലും നല്ല ഫോട്ടോഗ്രാഫി ഉണ്ടാക്കുന്ന വ്യത്യാസം മനസ്സിലാക്കാൻ ഇത് അവരെ സഹായിക്കും.

ഫോട്ടോ സ്പോട്ടിൽ ഷിറാസ് ചന്ദ് വർഷങ്ങളായി നടത്തിയ ഹോം ഉൽപ്പന്നങ്ങളുടെ പ്രൊഫഷണൽ ഫോട്ടോഗ്രാഫിയുടെ പ്രദർശനവും ഉണ്ടായിരിക്കും, ഇത് ദൃശ്യഭംഗി മാത്രമല്ല, വിഷ്വൽ മർച്ചൻഡൈസിംഗിലും പ്രൊമോഷൻ പ്രയത്നങ്ങളിലും നല്ല ഫോട്ടോഗ്രാഫിയുടെ പ്രാധാന്യം മനസ്സിലാക്കാനും സന്ദർശകരെ സഹായിക്കും.

ഗാർഹിക വ്യവസായത്തിന്റെ വിപണന ശ്രമത്തെ പിന്തുണയ്ക്കുന്നതിനും റീട്ടെയിലർമാരുടെയും ചെറിയ ബ്രാൻഡുകളുടെയും ഉൽപ്പന്ന അവതരണം കൂടുതൽ പ്രൊഫഷണലൈസ് ചെയ്യുന്നതിനുമായി എച്ച്ജിഎച്ച് ഇന്ത്യയുടെ ഒരു ശ്രമം കൂടിയാണിത്.

**എച്ച്ജിഎച്ച് ഇന്ത്യ വീഡിയോ കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക**


HGH INDIA 2021
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
Inspiring Business for 10 years

**ട്രേഡ് വിസിറ്റേഴ്സ്!**
**2021 നവംബർ 20 ഓടു** കൂടി
www.hghindia.com ൽ
ഓൺലൈനിൽ രജിസ്റ്റർ ചെയ്ത് പ്രവേശന ഫീസിൽ **രൂ.1000/* ലാഭിക്കുക.**

*2021 നവംബർ 20 നു മുമ്പായി പ്രീ രജിസ്റ്റർ ചെയ്യാൻ നിങ്ങൾക്ക് സാധിച്ചില്ല എങ്കിൽ നിങ്ങൾക്ക് വേദിയിലെത്തുമ്പോൾ പ്രവേശന ഫീസായ രൂ.1000/-(ജിഎസ്ടി അടക്കം) അടച്ച് സ്പോട്ട് രജിസ്ട്രേഷനിലൂടെ എച്ച്ജിഎച്ച് ഇന്ത്യ 2021 സന്ദർശിക്കാവുന്നതാണ്.

**സഹായത്തിനായി ദയവായി ബന്ധപ്പെടുക**
അമർ ശർമ്മ: +91 99676 00286
ഇമെയിൽ: visitors@hghindia.com
മുംബൈ: ടെലി +91(22) 24214111,
ഡൽഹി: ടെലി:+91(11) 2571 4111
**www.hghindia.com**